(ഇ) പൈപ്പുകൾ ലഭ്യമായി ആറ് മാസത്തിനകം കമ്മീഷൻ ചെയ്യാൻ കഴിയും.

വൻകിട ജലസേചന പദ്ധതികൾ

36(939) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര വൻകിട ജലസേചന പദ്ധതികൾ നിർമ്മാണ പ്രവർത്തനം നടത്തി വരുന്നെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കണ്ണൂർ ജില്ലയിലെ പഴശ്ശി പദ്ധതി

37(940) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പഴശ്ശി പദ്ധതി വക എത്ര സ്ഥലം ഏതൊക്കെ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് വിട്ട് കൊടുത്തിട്ടുണ്ട് ;

(ബി) മട്ടന്നൂർ നഗരസഭയിലെ 27-ാം വാർഡിൽ അംഗൻവാടി കെട്ടിടം പണിയുന്നതിന് പഴശ്ശി പദ്ധതിയുടെ സ്ഥലത്തുനിന്നും 10 സെന്റ് സ്ഥലം വിട്ടു കൊടുക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ ;.

(സി) എങ്കിൽ എന്നത്തേക്ക് സ്ഥലം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ ഇരിട്ടിബ്ലോക്കാഫീസ് നിർമ്മാണത്തിന് 0.4000 ഹെക്ടർ ഭൂമിയും, ഇരിട്ടി മൃഗാശുപത്രിക്ക് 0.1650 ഹെക്ടർ ഭൂമിയും ഇരിട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 0.3800 ഹെക്ടർ ഭൂമിയും, ഇരിട്ടി എ.ഇ.ഒ. ഓഫീസ് നിർമ്മാണത്തിനുവേണ്ടി 0.900 ഹെക്ടർ ഭൂമിയും റോഡ് നിർമ്മാണത്തിന് വേണ്ടി 0.1594 ഹെക്ടർ ഭൂമിയും നല്കിയിട്ടുണ്ട്.

(ബി) ലഭിച്ചിരുന്നു.

(സി) ഈ കാര്യം സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ.

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly